**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4239** **25.06.2018-ൽ മറുപടിക്ക്**

# ആവാസ് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, അൻവർ സാദത്ത്<br>,, അനൂപ് ജേക്കബ് : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) അതിഥി തൊഴിലാളികൾക്കായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) | ഉണ്ട്. |
| (ബി) ഈ പദ്ധതിക്കായി ആരംഭിച്ച രജിസ്ട്രേഷനിൽ അതിഥി തൊഴിലാളികൾ താല്പര്യം കാണിക്കുന്നില്ലായെന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ; | (ബി) | അല്ല. |
| (സി) ഈ പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നതിനായുള്ള ടെൻഡർ നടപടികൾ ചിയാക് പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 'ആവാസ് പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ ഡോക്കുമെന്റ് അംഗീകരിച്ച് ചിയാക്കിന് നൽകിയിട്ടുണ്ട്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം 2,75,277 ആണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്ന മുറയ്ക്ക് ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നതിനുള്ള മേൽനടപടികൾ ആരംഭിക്കുന്നതാണ്. |
| (ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആരംഭിക്കുവാൻ തീരുമാനിച്ച ഫെസിലിറ്റേഷൻ സെന്ററുകൾ ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; | (ഡി) | ആരംഭിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ നൽകുവാൻ ഫെസിലിറ്റേഷൻ സെന്ററുകൾ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ ചട്ടക്കൂടിനെ അടിസ്ഥാനമാക്കി അതിഥി തൊഴിലാളികൾക്കായി ഒരു സമഗ്ര നിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്? | (ഇ) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 'ആവാസ്' നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തൊഴിലാളികൾക്കായുള്ള സമഗ്ര നിയമ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ